കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](http://www.lfa.kerala.gov.in)**

# ഓച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## **2017-2018**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ. കെ.എസ്.എ.കെ.എൽ.എം.പി8/1894/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം
ഫോൺ – 0474 – 2740141
ഇ-മെയിൽ : doklm.ksad@kerala.gov.in

തീയതി :14.3.19

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഓച്ചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ കെ. എൽ.എം.പി8/1894/18 തീയതി. 14.3.19

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18

സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 02.08.2017മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മാത്യൂ റോയി കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിനുവിനിയോഗിച്ചസമയം | 3.10.2018 മുതൽ 12.10.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പ്രീത.എസ്.എസ് | ഓഡിറ്റ്ഓഫീസർ |
| | ശ്രീ.ശശി ജോഷ് .എ | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീ. അജ്മൽ.എ.എസ് | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | സുനിത സെബാസ്റ്റിൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അയ്യാണിക്കൽ അബ്ദുൾ മജീദ് | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | എൻ. മനുഭായ് | 1/4/2017 മുതൽ 4/1/2018 FN വരെ |
| | ബി.സുരേഷ്കുമാർ (സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല) | 4/1/2018 AN മുതൽ 22/1/2018 FN വരെ |
| | ജോൺസൺ പീറ്റർ കാർഡോസ് | 22/1/2018 AN മുതൽ 31/3/2018 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റൻറ് സെക്രട്ടറി | റ്റി.ഡി.ഹരികുമാർ (അധിക ചുമതല) | 01/4/2017 മുതൽ 19/4/2017 വരെ |
| | പ്രസന്നകുമാരി | 20/4/2017 മുതൽ 5/6/2017 വരെ |
| | റ്റി.ഡി.ഹരികുമാർ (അധിക ചുമതല) | 6/6/2017 മുതൽ 15/6/2017 വരെ |
| | ബി. സുരേഷ്കുമാർ | 16/6/2017 മുതൽ 31/3/2018 വരെ |
| എ.ഇ.-എൽ.എസ്.ജി.ഡി | ഷീജ | 1/4/2017 മുതൽ 3/10/2017 FN വരെ |
| | ഷെരീഫ്.റ്റി.എം. | 3/10/2017 AN മുതൽ 31/3/2018 വരെ |
| വി.ഇ.ഒ- സർക്കിൾ ബി | ഗിരീഷ് കുമാർ.എസ് | 1/4/2017 മുതൽ 30/6/2017 വരെ |
| വി.ഇ.ഒ - സർക്കിൾ ബി | മഞ്ജു | 1/7/2017 മുതൽ 4/11/2017 FN വരെ |
| വി.ഇ.ഒ-സർക്കിൾ ബി | അബ്ദുൾ സലിം | 4/11/2017 AN മുതൽ 31/3/2018 വരെ |
| വി.ഇ.ഒ- സർക്കിൾ എ | വിനീത | 1/4/2017 മുതൽ 3/11/2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ - സർക്കിൾ എ | ജവാദ് | 4/11/2017 FN മുതൽ 31/3/2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | എച്ച്. അപ്രസ്ജഹാൻ | 1/4/2017 മുതൽ 31/3/2018 വരെ |
| മെഡിക്കൽ ആഫീസർ - ആയുർവേദം | ഡോ. ജാക്വിലിൻ | 1/4/2017 മുതൽ 31/3/2018 വരെ |
| മെഡിക്കൽ ആഫീസർ - സി.എച്ച്.സി. | ഡോ.പ്രദീപ്കുമാർ.പി.വി | 1/4/2017 മുതൽ 23/8/2017 വരെ |
| | ഡോ. എസ്.ബീന | 24/8/2017 മുതൽ 31/3/2018 വരെ |
| മെഡിക്കൽ ആഫീസർ - ഹോമിയോ | ഡോ. സുനിൽകുമാർ.എൻ | 1/4/2017 മുതൽ 31/3/2018 വരെ |
| വെറ്ററിനറി സർജൻ - മൃഗസംരക്ഷണം | ഡോ. രമ | 1/4/2017 മുതൽ 31/3/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വാസന്തി.ഇ | 1/4/2017 മുതൽ 31/3/2018 വരെ |
| കൃഷി ഓഫീസർ | സജിത | 1/4/2017 മുതൽ 28/6/2017 വരെ |
| | സുമാറാണി | 29/6/2017 മുതൽ 31/3/2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ആഫീസർ | ജയശ്രീ | 1/4/2017 മുതൽ 30/11/2017 വരെ |
| | കൃഷ്ണകുമാർ | 1/12/2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വേക്കൻസി റെമിഷൻ-ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ | 2-1 |
| 14 | ലേലം നടന്നിട്ടില്ല | 2-2 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17 | രസീതുകൾ സ്റ്റോക്കിലെടുക്കുന്നില്ല | 2-5 |
| 18 | പഞ്ചായത്ത് വക നഴ്സറി സ്കൂളിന്റെ വരവു ചെലവുകൾ സുതാര്യമല്ല. | 2-6 |
| | ഭാഗം 3 | |
| 19 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ക്രമരഹിതമായി തനതു ഫണ്ടാക്കി മാറ്റി | 3-1 |
| 20 | ഹാജർ ബത്തയിനത്തിൽ 4,230/-രൂപ അധികം നൽകി | 3-2 |
| 21 | വിനിയോഗ രേഖകൾ ലഭ്യമല്ല | 3-3 |
| 22 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി | 3-4 |
| 23 | പൈപ്പ് ലൈൻഎക്സ്റ്റൻഷൻ _ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി | 3-5 |

| | | |
|---|---|---|
| | പൊതു ടാപ്പുകൾക്ക് തുക ഒടുക്കി . പദ്ധതി പൂർത്തികരണ വിവരങ്ങൾ ഇല്ല. | |
| 24 | സൗരവൈദ്യുത ഉല്പാദന സംവിധാനം നിരുപയോഗം. -നിർവഹണ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല -കേന്ദ്ര ഇൻസെന്റീവ് ലഭ്യമായില്ല. | 3-6 |
| 25 | അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-7 |
| 26 | തെരുവുവിളക്കുകളായി ഓട്ടോമാറ്റിക് ലാമ്പുകൾ സ്ഥാപിക്കൽ-പ്രസക്തിയോ സാഹചര്യമോ വ്യക്തമല്ല, സ്ഥാപിച്ചതായി വ്യക്തമാക്കുന്ന കെ.എസ്.ഇ.ബിയുടെ രേഖകളില്ല | 3-8 |
| 27 | തെരുവുവിളക്കുകളുടെ പരിപാലനം-ഉപകരണങ്ങൾ വാങ്ങി നൽകൽ -കോപ്പർ ചോക്കുകൾക്ക് കരാർ തുകയേക്കാൾ അധികം വില നൽകി | 3-9 |
| 28 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 3-10 |
| 29 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ-പൂർത്തീകരണ വിവരങ്ങൾ ഇല്ല | 3-11 |
| 30 | ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ മരുന്നിന് തുക ചെലവഴിച്ചു | 3-12 |
| 31 | സാന്ത്വനപരിപാലന പദ്ധതി-മരുന്നു ലഭ്യമായിട്ടില്ല | 3-13 |
| 32 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ-കണ്ടെത്തിയ അപാകതകൾ | 3-14 |
| 33 | അനുപൂരക പോഷകാഹാര പരിപാടി-കേന്ദ്രവിഹിതമിനത്തിൽ 26,41,452/- അവശേഷിക്കുന്നു | 3-15 |
| 34 | വികലാംഗർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ വിതരണം, ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗപത്രം ഇല്ല. | 3-16 |
| 35 | പുറമ്പോക്ക് കൈയ്യേറ്റം നടപടികൾ സ്വീകരിക്കുന്നില്ല. | 3-17 |
| 36 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 3-18 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 40 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപം | 4-5 |

| | | |
|---|---|---|
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 44 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 47 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 48 | അനുബന്ധം 2 | 2 |


# ഭാഗം **1**

## പൊതു അവലോകനം

### **1-1** ബജറ്റ്

25.03.2017തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.03.2018 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### **1-2** വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.07.2018 | -- | -- |

### **1-3** വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30.08.2018&31.08.2018 | KSA/KLM/P8/1590/18<br>dated, 12.10.18 |

### **1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,46,04,847/- |
| വരവ് | 6,49,80,535/- |
| ആകെ | 7,95,85,382/- |
| ചെലവ് | 6,00,66,173/- |
| നീക്കിയിരിപ്പ് | 1,95,19,209/- |

### **1-5** ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ<br>(ACR പ്രകാരം) | | 1,50,91,000 | 1,50,91,000 | 1,35,46,495 | 15,44,505 |
| വികസന ഫണ്ട്-എസ്.സി.പി<br>(ACR പ്രകാരം) | | 60,18,323 | 60,18,323 | 48,99,656 | 11,18,667 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 2,18,911 | 2,18,911 | 0 | 2,18,911 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 78,21,000 | 78,21,000 | 77,62,188 | 58,812 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 33,43,000 | 33,43,000 | 14,44,313 | 18,98,687 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 70,87,803 | 70,87,803 | 60,89,213 | 9,98,590 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 14,21,954 | 14,21,954 | 9,62,467 | 4,59,487 |
| സാക്ഷരത | | 500 | 53,300 | 53,800 | 0 | 53,800 |
| ദുരിതാശ്വാസനിധി | | 16,301 | 46,604 | 62,905 | 44,000 | 19,055 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,53,73,532 | 1,53,73,532 | 1,53,73,532 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,92,017 | 8,47,950 | 10,39,967 | 7,35,482 | 3,04,485 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ സമ്പൂർണ്ണ ശുചിത്വം | | 7,49,233 | 1,19,268 | 8,68,501 | 0 | 8,68,501 |
| അംഗനവാടി പോഷകാഹാരം | | 20,57,356 | 10,03,183 | 30,60,539 | 4,19,087 | 26,41,452 |
| തൊഴിൽരഹിത വേതനം | | | 1,25,880 | 1,25,880 | 1,25,880 | 0 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | | | 90,000 | 90,000 | 90,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 8,00,800 | 8,00,800 | 8,00,800 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 7,15,800 | 7,15,800 | 6,08,054 | 1,07,746 |
| ബി ഫണ്ട് | | 0 | 4,66,86,900 | 4,66,86,900 | 4,66,86,900 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 44,09,188 | 1,66,79,418 | 2,10,88,606 | 1,50,24,485 | 60,64,121 |
| | ട്രഷറി അക്കൗണ്ട് | 69,55,225 | 97,94,000 | 1,67,49,225 | 72,89,176 | 94,60,049 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 6,60,49,981 | 96 | 4,03,52,507 | 48 | 7 | 64.86% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)കൊട്ടയ്ക്കാട്ട് സങ്കേതം പോസ്റ്റ് മാറ്റൽ

(2)കറവ പശുവിനെ വാങ്ങൽ

(3)പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്

(4)കിണർ നിർമ്മാണം

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,92,017 | 8,47,950 | 10,39,967 | 7,35,482 | 3,04,485 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,53,73,532 | 1,53,73,532 | 1,53,73,532 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,25,880 | 211 |
| കർഷകതൊഴിലാളി പെൻഷൻ | 54,75,800 | 444 |
| വിധവാപെൻഷൻ | 1,20,29,900 | 1,001 |
| വാർദ്ധക്യകാലപെൻഷൻ | 2,45,86,100 | 1,899 |
| വികലാംഗപെൻഷൻ | 41,08,400 | 382 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-10-2018 ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,774/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ക്രമക്കേടുകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകുന്നുണ്ട്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല

വിഭജിച്ച് നൽകിയിട്ടുണ്ട്.പ്രതിദിന കളക്ഷൻ അന്നേദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ഔട്ട് ഡോർ കളക്ഷനായി ഉപയോഗിക്കുന്ന മാന്വൽ രസീതു ബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിക്കുന്നില്ല. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെർമിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. അപൂർണമായാണ് സൂക്ഷിച്ചിരിക്കുന്നത്. കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ഗ്രാമസഭ മിനിറ്റ്സുകൾ പൂർണമാക്കി മിനിട്ട്സ് ബുക്കുകൾ സൂക്ഷിക്കുന്നതിൽ ചുമതലയുള്ള ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകുന്നുവെങ്കിലും, കൃത്യമായി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ വീഴ്ചവരുത്തുന്നുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ ഫ്രണ്ട്ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള യോഗങ്ങൾ ഒന്നും തന്നെ കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര് എന്നീ വിവരങ്ങളോടൊപ്പം സേവനത്തിന്റെ സ്വഭാവം,സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം ,ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി ,സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര് ,ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്.അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

പ്രോക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മൂന്ന് തവണ കമ്മറ്റി കൂടിയെങ്കിലും രണ്ട് യോഗങ്ങളിലും വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വാങ്ങലുകളിൽ നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങുന്നതിന് അതാത് നിർവഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത് . മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെവിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.09.2018 | 07/2018 | 12/09/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2/05/18മുതൽ16 /05/18വരെ | 97-98 മുതൽ 2007-08വരെ | 30.06.2018 |

**1-12** വാർഷികധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പറഞ്ഞിട്ടുള്ള വാർഷിക ധനകാര്യപത്രികാ സ്റ്റേറ്റ്മെന്റിന്റെ അപാകതകളിൽ പരിഹരിക്കാൻ ശേഷിക്കുന്നത്

1)ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് വാർഷികധനകാര്യപത്രിക പ്രകാരം 17,63,400/-രൂപയാണ്. എന്നാൽ ബുക്ക് ഓഫ് അക്കൗണ്ട്സ് പ്രകാരം ഡിമാന്റ് 17,45,100/-രൂപയാണ്. കളക്ഷൻ AFS പ്രകാരം 17,63,400/-രൂപയും രജിസ്റ്റർ പ്രകാരം 17,63,800/-രൂപയുമാണ്.

2)വസ്തു നികുതി അരിയർ ഇനത്തിൽ ലഭിക്കാനുള്ള തുകകളുടെ ബുക്ക് അഡ്ജസ്റ്റ്മെന്റിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. അരിയർ തുകകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

3)2016-17 വർഷം മുൻകൂറായി ലഭിച്ച വസ്തുനികുതി (റസിഡൻഷ്യൽ) 3,825/-രൂപ 2017-18 വർഷം ക്രമീകരിച്ചിട്ടില്ല.

4)2017-18ൽ സൃഷ്ടിക്കപ്പെട്ട ആസ്തി (മൺറോഡ്) 49,409/-രൂപ 10% ഡിപ്രീസിയേഷൻ 4,940/-രൂപ എന്നതിന് 490/-എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

5)Movable asset (others) 2,52,727/- 10% തേയ്മാനം 25,272/- എന്നത് 25,172/-രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

6)കൊല്ലം ജില്ലാ സഹകരണ ബാങ്ക് - സാക്ഷരത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടേണ്ട 53,300/-രൂപ (സാക്ഷരതാമിഷൻ കോ - ഓർഡിനേറ്ററിൽ നിന്നും ലഭ്യമായത്) അതേ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് തെറ്റായി ക്രെഡിറ്റ് ചെയ്തിരിക്കുന്നു. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** വേക്കൻസി റെമിഷൻ - ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26/4/17ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം ഒന്നാം അർദ്ധവർഷത്തേക്കുള്ള രണ്ട് അപേക്ഷകർക്കും, 9/11/17ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം രണ്ടാം അർദ്ധവർഷത്തേക്കുള്ള നാല് അപേക്ഷകർക്കും ഇളവ് അനുവദിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം എടുത്ത് വേക്കൻസി റെമിഷൻ അംഗീകരിച്ച് നൽകിയിട്ടുണ്ട് .എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇതിൽ ഉൾപ്പെടാത്ത അഞ്ച് കെട്ടിടങ്ങൾക്ക് ഒന്നാംഅർദ്ധവർഷത്തിലും, നാല് കെട്ടിടങ്ങൾക്ക് രണ്ടാം അർദ്ധവർഷത്തിലും വേക്കൻസി റെമിഷൻ നൽകിയിരിക്കുന്നു. ഇവയ്ക്ക് ഇളവ് അനുവദിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ , കെട്ടിടം ഉടമയുടെ പേര് | അർദ്ധവർഷം | വേക്കൻസി റെമിഷൻ പ്രകാരം ഒഴിവാക്കപ്പെട്ട നികുതി |
|---|---|---|

| | | |
|---|---|---|
| കൊച്ചനിയൻ നായർ 14/857 | 1 | 389 |
| ഇസാർകുഞ്ഞ് 14/860 | 1 | 486 |
| കൊച്ചുനാണു,14/745,746,757 | 1 | 133 |
| ഗോപിനാഥൻ,9/33 | 2 | 175 |
| ഗോപിനാഥ പണിക്കർ, 2/40,41,43,44,42 | 2 | 605 |
| കൊച്ചുനാണു, 14/745,746,757 | 2 | 133 |
| പ്രകാശ് പൗർണ്ണമി,12/660 | 1 | 186 |
| കൊച്ചുനാണു,14/754,763 | 1 | 64 |
| പ്രകാശ് പൗർണ്ണമി,12/660 | 2 | 186 |
| | ആകെ | 2,357/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അടുത്ത സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ടി അപേക്ഷകൾ ഉൾപ്പെടുത്തി സാധൂകരണം നേടി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു.ആയത് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ 9/11/17ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം രണ്ടാം അർദ്ധവർഷത്തേക്കുള്ള വേക്കൻസി റെമിഷൻ അംഗീകരിച്ച് നൽകിയ അപേക്ഷകന്(കെട്ടിട നം.5/386, പരമേശ്വരൻ പിള്ള) ഇളവ് നല്കിയിട്ടില്ല. വീട് ആയതിനാലാണ് ടിയാന് നികുതിയിളവ് നൽകാഞ്ഞത് എന്നാണ് മറുപടി പറഞ്ഞിട്ടുള്ളത്. 2011 ലെ കെ.പി.ആർ. (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടം നം.21 പ്രകാരം, നാലാം ചട്ടത്തിൽ പരാമർശിക്കുന്ന (പാർപ്പിടാവശ്യം ഉൾപ്പടെ), ഒരാവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ,ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ,വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ഈ വിഷയത്തിന്മേൽ തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.17/10.10.18

## 2-2 ലേലം നടന്നിട്ടില്ല

പഞ്ചായത്തിലെ ഒന്നാം വാർഡിൽ തഴത്തോടിനേറ തീരത്ത് നിൽക്കുന്ന നാല് ആഞ്ഞിലിയും, പന്ത്രണ്ടാം വാർഡിൽ അറുപതാം നം.അംഗൻവാടിയുടെ കോമ്പൗണ്ടിൽ നിൽക്കുന്ന ഒരു ആഞ്ഞിലിയും, പതിനഞ്ചാം വാർഡിൽ റേഡിയോ മുക്കിന്റെ കിഴക്ക ഭാഗത്ത് റോഡ് സൈഡിൽ നിൽക്കുന്ന ഒരു ആഞ്ഞിലിയും,മുറിച്ച് മാറ്റുന്നതിന് അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും 26/10/17 ൽ 60,028/-രൂപയുടെ മൂല്യനിർണ്ണയ സ്റ്റേറ്റ്മെൻറ് ലഭ്യായതിൻപ്രകാരം, 3/1/2018 ൽ ലേലം ചെയ്തു കൊടുക്കാനായി പരസ്യം (നം.op26622/17, 20/12/17) നൽകിയിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷം ഇത് ലേലം ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, വാല്യുവേഷൻ തുകയെക്കാൾ അധികരിച്ച് ആരും വിളിക്കാൻ തയ്യാറായില്ലായെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പുനർലേലതീയതി തീരുമാനിച്ച് ലേലം നടത്തുന്നതാണ് എന്ന് മറുപടി ലഭിച്ചു.തുടർനടപടികൾ സ്വീകരിച്ച്

അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.8/8.10.18

## 2-3 ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമല്ല.

ടി സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള ആകെ 481 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2016-17 കാലയളവിൽ 531 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്.വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടും തൻവർഷം പുതിയതായി എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്,ആയതിൻെറ വിവരവും 2016-17 കാലയളവിൽ പ്രവർത്തനം നിർത്തലാക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഓഡിറ്റ് എൻക്വയറി നം.28/12.10.18

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെപ്പറയുന്ന പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരൻ /തസ്തിക | അർദ്ധ വർഷം |
|---|---|---|
| 1 | ഉമാ മഹേശ്വരി,<br>മെസ്സൻഞ്ചർ കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ | I & II |
| 2 | ഷംസുദ്ദീൻ, ബയോ ഗ്യാസ് പ്ളാന്റ് ഓപ്പറേറ്റർ | I & II |
| 3 | നിസ്സാം, ഡ്രൈവർ | I & II |
| 4 | ശോഭന, ബാബു,സോമൻ (ഫുൾ ടൈം സ്വീപ്പർ) | I & II |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് കാരണം ഗ്രാമപ്പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**2-5** <u>രസീതുകൾ സ്റ്റോക്കിലെടുക്കുന്നില്ല</u>

സാംഖ്യാ രസീത് വാങ്ങുന്നതിനായി വൗച്ചർ നം.21700024-5/4/17 പ്രകാരം 1,110/-രൂപയും (3000എണ്ണം), വൗച്ചർ നം.21700035,28/4/17 പ്രകാരം 5,820/-രൂപയും (9000എണ്ണം), പിൻവലിച്ച് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയതായി കാണുന്നു. എന്നാൽ ഇവയുടെ ബില്ലുകളോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായോ കാണുന്നില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 22/5/17 ൽ ടി സ്ഥാപനത്തിൽ തുക അടവാക്കിയ രസീതിന്റെ പകർപ്പ് ലഭ്യമാക്കി. എന്നാൽ വൗച്ചർ നം.21700024-5/4/17 പ്രകാരം വാങ്ങിയ 3000എണ്ണം സാംഖ്യാ രസീതുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്തതായോ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യാ രസീതുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

എൻക്വയറി നം.10,8/10/18

**2-6** <u>പഞ്ചായത്ത് വക നഴ്സറി സ്കൂളിന്റെ വരവ് ചെലവുകൾ സുതാര്യമല്ല.</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.കെ.എം.നഴ്സറി സ്കൂളിൽ നിന്നും അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ എന്നീ ഇനങ്ങളിലുള്ള വരവ് രസീത് നൽകി സ്വീകരിച്ച് വരുന്നു. 2017-18 സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് 6,7എന്ന് നമ്പർ രേഖപ്പെടുത്തിയ രസീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. എന്നാൽ ടി രസീതുബുക്കുകൾ അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിലുള്ള (ഫോറം നം.5) പ്രകാരമുള്ളതല്ല എന്നു കാണുന്നു. 28.3.11-ലെ ജി.ഒ (എം.എസ്) നം.83/11/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2011-ലെ കെ.പി.ആർ അക്കൗണ്ട്സ് (ചട്ടങ്ങൾ) ചട്ടം 20(2) (ബി)യിൽ ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. കൂടാതെ ടി രസീതുകൾ സ്റ്റോക്കിലെടുക്കുകയോ, വിതരണം ചെയ്തിട്ടുള്ളതായോ ഒരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

2017-18 സാമ്പത്തിക വർഷം രസീത് ബുക്ക് നം.6,7 പ്രകാരമുള്ള വരവുകൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം എത്ര രസീതുകൾ വിതരണം ചെയ്തുവെന്നോ ഏതൊക്കെ രസീതുകൾ ഉപയോഗിച്ചുവെന്നോ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിൽ ഉപയോഗിച്ചവയും ഉപയോഗിക്കാതെ അവശേഷിക്കുന്നവയും സംബന്ധിച്ച യാതൊരു രേഖകളുമില്ല. 2017-18 സാമ്പത്തിക വർഷം ടി സ്കൂളിൽ നിന്ന് ലഭ്യമായ വരവ് അക്കൗണ്ട് ചെയ്യപ്പെട്ടതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

ടി സ്കൂളിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായ ടീച്ചറിനും, ആയയ്ക്കും തനത് ഫണ്ടിൽ നിന്നാണ് വേതനം നൽകി വരുന്നത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ടി ചെലവും, മറ്റ് ചെലവുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ സ്ഥാപനത്തിലെ വരവ് ചെലവ് കണക്കു വ്യക്തമാക്കുന്ന ആധികാരിക രേഖകൾ ആദ്യ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആകെ പ്രിന്റ് ചെയ്ത രസീതുബുക്കുകളുടെ എണ്ണം, കമ്മറ്റി തീരുമാനം, സ്റ്റോക്ക് എന്നിവ വ്യക്തമാക്കുന്ന ആധികാരിക രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.12, തീയതി 8/10/18

## ഭാഗം-3

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ക്രമരഹിതമായി തനതു ഫണ്ടാക്കി മാറ്റി</u>

ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം contribution for Joint venture projects (for Capital expenditure) from Block panchayath ഇനത്തിൽ 537/- രൂപയും for revenue expenditure ഇനത്തിൽ 2,30,089/- രൂപയും contribution for Joint venture projects (for revenue expenditure) from district panchayat ഇനത്തിൽ 2,68,779/- രൂപയും ബാക്കി നില്ക്കുന്നു. എന്നാൽ സംയുക്ത പ്രോജക്ടുകൾക്കായുള്ള സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇല്ല. ആയതിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിന് മുമ്പ് സംയുക്ത പ്രോജക്ടിനായി ലഭിച്ചതും തനതു ഫണ്ടിലേക്ക് നിക്ഷേപിച്ചതുമായ തുകകളാണ് ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B4 പ്രകാരം ബാദ്ധ്യതയായി നിലനിർത്തിയിരിക്കുന്നതെന്ന് വ്യക്തമാവുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുകകൾ ബാദ്ധ്യതയായി നിലനിർത്തിയിട്ടില്ല. തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന മേൽ സൂചന തുകകൾ 2017-18 ൽ ഏതെങ്കിലും പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ തേടി 11.10.18ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി നൽകിയിട്ടില്ല.

സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന നിർവഹണച്ചുമതലയില്ലാത്ത തദ്ദേശഭരണ സ്ഥാപനം നിർവഹണച്ചുമതലയുള്ള സ്ഥാപനത്തിന് തുക കൈമാറണമെന്നും, തുക സ്വീകരിക്കുന്ന തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കുന്ന തുക ട്രഷറിയിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും VPFA1/BPFA 1/DPFA 1 ലോ നിക്ഷേപിക്കുവാൻ പാടില്ലായെന്നും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖകളിലൂടെയുള്ള നിർദ്ദേശങ്ങൾ നിലനിന്നിരുന്ന കാലയളവിൽ പ്രസ്തുത മാർഗനിർദ്ദേശത്തിന് വിരുദ്ധമായി സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകൾ തനതു ഫണ്ടിൽ നിക്ഷേപിക്കുകയും ചെലവഴിക്കപ്പെടാതെ ശേഷിച്ച തുക 2017-18 ലെ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി കാണിക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ സംയുക്ത പ്രോജക്ടുകൾക്കായി വിവിധ തസ്വഭവ സ്ഥാപനങ്ങൾ നൽകിയ തുകകളെ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്.

മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് നിക്ഷേപിക്കുകയും യഥാർത്ഥ കണക്കുകൾ മറച്ചു വച്ച് തെറ്റായ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുകയും ചെയ്തതിലൂടെ സർക്കാർ ഗ്രാന്റിനത്തിൽ അനുവദിച്ച് നൽകിയ 4,99,405/-രൂപ തനതുഫണ്ടാക്കി മാറ്റിയ നടപടി ക്രമരഹിതമാണ്.സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ ചെലവഴിയ്ക്കപ്പെടാതെ ശേഷിക്കുന്നവയെ വാർഷിക ധനകാര്യപത്രികയിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തുന്നതിനും ചെലവഴിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

**3-2** <u>ഹാജർ ബത്തയിനത്തിൽ **4,230/-**രൂപ അധികം നൽകി</u>

1995 ലെ കെ.പി.ആർ. (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റേയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ സംബന്ധിക്കുന്നതിന് ജനപ്രതിനിധികൾക്ക് ഹാജർ ബത്ത അനുവദിക്കാവുന്നതാണ് .ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, എന്നിവർക്ക് ഒരു യോഗത്തിന് 75/-രൂപ നിരക്കിലും, പഞ്ചായത്ത് അംഗങ്ങൾക്ക് 60/-രൂപ നിരക്കിലുമാണ് നൽകേണ്ടത്. 8/2016 മുതൽ 8/2017 വരെയുള്ള കാലയളവിലേക്ക് പ്രസിഡന്റ് ,സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർക്ക് ഹാജർ ബത്തയിനത്തിൽ 51,585/-രൂപ (5550+4275+10200+31560) വൗച്ചർ നം.21700332/29/8/2017, 21700333/29

/8/17, 21700334/29/8/17, 21700335/29.8.17 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൻ പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പങ്കെടുത്ത യോഗങ്ങൾ | നൽകിയ തുക | രേഖകൾ പ്രകാരം പങ്കെടുത്ത യോഗങ്ങൾ | രേഖകൾ പ്രകാരം യോഗങ്ങളിൽ പങ്കെടുത്തതിന് നൽകേണ്ടിയിരുന്നത് | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|
| പ്രസിഡന്റ് | 74 | 5,550 | 38 | 2850(38x75) | 2700 |
| സ്റ്റാൻ.കമ്മിറ്റി ചെയർമാൻ-സിസ്ധു.വി | 42 | 3150 | 35 | 2625(35x75) | 525 |
| സ്റ്റാൻ.കമ്മിറ്റി ചെയർമാൻ -ലത്തീഫാ ബീവി | 44 | 3300 | 43 | 3225(43x75) | 75 |
| സ്റ്റാൻ.കമ്മിറ്റി ചെയർമാൻ -മഹിളാമണി | 50 | 3750 | 48 | 3600(48x75) | 150 |
| പഞ്ചായത്ത് അംഗം-വി.എൻ.ബാലകൃഷ്ണൻ | 49 | 2940 | 48 | 2880(48x60) | 60 |
| പഞ്ചായത്ത് അംഗം -എലമ്പേടത്ത് രാധാകൃഷ്ണൻ | 42 | 2520 | 40 | 2400(40x60) | 120 |
| പഞ്ചായത്ത് അംഗം -മാളു സതീഷ് | 50 | 3000 | 49 | 2940(49x60) | 60 |
| പഞ്ചായത്ത് അംഗം -രാജേഷ് ആർ | 41 | 2460 | 39 | 2340(39x60) | 120 |
| പഞ്ചായത്ത് അംഗം -ജോളി .ജെ | 48 | 2880 | 47 | 2820(47x60) | 60 |
| പഞ്ചായത്ത് അംഗം -രാധാമണിയമ്മ | 43 | 2580 | 41 | 2460(41x60) | 120 |
| പഞ്ചായത്ത് അംഗം – സുകുമാരി എൽ | 45 | 2700 | 42 | 2520(42x60) | 180 |
| പഞ്ചായത്ത് അംഗം -ആർ.ഡി.പത്മകുമാർ | 36 | 2160 | 35 | 2100(35x60) | 60 |
| | | | | ആകെ | 4,230/-രൂപ |

അധികം നൽകിയ തുകയായ 4,230/-രൂപ തിരികെഈടാക്കിഅറിയിക്കേണ്ടതാണ്.

**3-3** <u>വിനിയോഗ രേഖകൾ ലഭ്യമല്ല</u>

താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച വിനിയോഗ രേഖകൾ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നിർവ്വഹണഏജൻസി | നൽകിയ തുക | വൗച്ചർനം, തീയതി |
|---|---|---|---|
| നാലാം വാർഡിലെയും എട്ടാം വാർഡിലെയും ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി , ഓച്ചിറ | 18,848/- (13528 + 5320) | 2170065, 4/5/17 |
| ഓട്ടോ സ്റ്റാൻഡിൽ സ്ഥിതി ചെയ്യുന്ന സ്ട്രീറ്റ് ടാപ്പ് മാറ്റി സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി, കൊല്ലം | 9,163/- | 21700263, 26/7/17 |
| ഒൻപതാം വാർഡിലെ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി , ഓച്ചിറ | 28,244/- | 21700315, 22/8/17 |

വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ 56,255/-രൂപ – തടസ്സപ്പെടുത്തുന്നു.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 09/8.10.18

## 3-4 പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി

പഞ്ചായത്ത് ഓഫീസിനോട് ചേർന്ന പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി. പഞ്ചായത്ത് ലൈബ്രേറിയൻ പുസ്തകങ്ങളുടെ 2006-07 ലെ ഒരു സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയത് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്ത നിലയിൽ ഒരു മുറിക്കുള്ളിൽ കൂട്ടിയിട്ട നിലയിൽ പ്രാദേശികപരിശോധനയിൽ കണ്ടെത്തി. പഞ്ചായത്ത് ഒരു പാർടൈം ലൈബ്രേറിയന്റെ സ്ഥിരം സേവനം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പുസ്തകങ്ങൾ ലൈബ്രറിയിൽ വച്ച് വായിക്കുന്നതിനുള്ള സൗകര്യമില്ലാത്ത രീതിയിൽ പൊടി പിടിച്ച കിടക്കുന്ന അവസ്ഥയിലാണ്. പൊതുജനങ്ങൾക്ക് ഇങ്ങനെ ഒരു ലൈബ്രറി ഉണ്ട് എന്ന തന്നെ അറിയാത്ത അവസ്ഥയാണ്. 2017-18 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബിൽ നമ്പർ35/19.03.2018 പ്രകാരം 1,82,540/-രൂപ ചെലവഴിച്ച് ആഞ്ഞിലിവുഡ് ഡെസ്ക്-2,ആഞ്ഞിലിവുഡ് ബെഞ്ച്-2, സ്റ്റീൽ ക്യാബിനെറ്റ്-2,ആഞ്ഞില് റാക്ക്-2,ആഞ്ഞിലി വുഡ് അാം ചെയർ-2,ആഞ്ഞിലി വുഡ് ഡി.ഡി.ടേബിൾ-1 എന്നിവ വാങ്ങി ഓഫീസിലെ മറ്റ് സെക്ഷനുകളിലെ ആവശ്യങ്ങൾക്കായും റാക്ക്മുറിക്ക് പുറത്തും സൂക്ഷിച്ചിരിക്കുന്ന ആയത് വെള്ളം കയറി അത് ദ്രവിച്ച പോകാനുള്ള സാധ്യതയുംകാണുന്നു. പ്രവർത്തിക്കാത്ത ലൈബ്രറിക്കുവേണ്ടി ഇപ്രകാരം ഫർണ്ണിച്ചർ വാങ്ങുക ശരിയായ നടപടിയല്ല. ലൈബ്രറി കൗൺസിലിൽ അംഗത്വം എടുക്കേണ്ടതും അവിടെ നിന്നുള്ള ഗ്രാന്റ് പ്രയോജനപ്പെടുത്തി പുതിയ പുസ്തകങ്ങൾ വാങ്ങി പ്രവർത്തനം തുടങ്ങേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ (ചങ്ങൻകുളങ്ങര) ഇപ്രകാരം പ്രവർത്തനക്ഷമമല്ലാത്ത മറ്റൊരു ലൈബ്രറി

കണ്ടെത്തിയിട്ടുണ്ട്.

ലൈബ്രറികളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും അംഗങ്ങളെ ആകർഷിക്കുന്നതിനും സന്നദ്ധ സംഘടനകളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട്, പുതിയ കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധന എന്നിവ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധയിൽ വെയ്ക്കേണ്ടതും പദ്ധതി രൂപീകരണ വേളയിൽ ആയത് പരിഹരിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.

**3-5** <u>പൈപ്പ് ലൈൻഎക്സ്റ്റൻഷൻ _ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പൊതു ടാപ്പുകൾക്ക് തുക ഒടുക്കി. പദ്ധതി പൂർത്തികരണ വിവരങ്ങൾ ഇല്ല.</u>

പ്രോജക്റ്റ് നം.s0067/18

പ്രോജക്റ്റിന്റെ പേര്.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ തുക. 4 ലക്ഷം രൂപ

ചെലവ്. 4 ലക്ഷം രൂപ

ബിൽ നം.18/18 തീ.24.10.17

നിർവഹണം.സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു ടാപ്പുകൾ സ്ഥാപിക്കുവാൻ പാടില്ലായെന്ന മാർഗനിർദ്ദേശം പരിഗണിക്കാതെ പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിലേക്ക് തുക നൽകി. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിച്ചതായി വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

ഗ്രാമ പഞ്ചായത്തിലെ 1,4 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്റ്റിനായി 4 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റിനെ ആധാരമാക്കി പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്.

പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്കായി KWA സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിൽ ഇനം.നം .7 ആയി Constructing and providing Portable type RCC street fountain with platform of size 60x60x15cm and post of size 15 x 10x60 cm pot rest of size 20x20x7.5cm and kerb of size 10x10cm in CC 1: 11/2:3 using 15mm broken stone and 8mm tore steel not less than 7 kg/fountain including all form work, fixing tap connection using 3.5m 20mm pvc pipe and special saddle piece......on the street fountain with yellow emulsion paint over priming coat etc. complete with cost & conveyance of all materials എന്ന ഇനം ഉൾപ്പെടുത്തി അഞ്ച് പൊതു ടാപ്പുകൾക്കായി 25,847.85രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉൾപ്പെടെയാണ് KWA യിൽ 4 ലക്ഷം രൂപ ഒടുക്കിയിരിക്കുന്നത്.

എന്നാൽ പൊതു ടാപ്പുകൾ നൽകുവാൻ പാടില്ലായെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18 ൽ ബാധകമായ 3. 4. 17 ലെ ജി.ഒ (എം.എസ്) നം.80 / 17/തസ്വഭവ നമ്പർ മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിഗണിക്കാതെയാണ് പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിലേക്ക് തുക നൽകിയിരിക്കുന്നത്. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിച്ചതായി വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമ പഞ്ചായത്തിലെ 1,4 വാർഡുകളിലായി 5 പൊതു ടാപ്പുകൾ സ്ഥാപിച്ച് നൽകിയിട്ടുണ്ടെന്നും സ്വന്തമായി ഗാർഹിക കണക്ഷൻ എടുക്കുവാൻ സാധിക്കാത്ത വളരെ ദരിദ്രരായ പട്ടികജാതി വിഭാഗക്കാർ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിലാണ് ടാപ്പുകൾ സ്ഥാപിച്ചതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പൊതു ടാപ്പുകൾ നൽകുവാൻ പാടില്ലായെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള സബ്സിഡിയും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ചുള്ള 29.09.2012 ലെ സ.ഉ.(എം.എസ്) നം. 248/12/തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ മുതൽ എല്ലാ മാർഗരേഖകളിലും വ്യക്തമാക്കുകയും KWA പൈപ്പ് ലൈനിൽ നിന്ന് ഗാർഹിക കണക്ഷൻ നൽകുന്നതിന് പൊതുവിഭാഗത്തിനും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കും ബാധകമായ സബ്സിഡി തുകയും മാനദണ്ഡങ്ങളും നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയില്ല.

മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 25,848/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി പൂർത്തീകരണം സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ KWA യിൽ നിക്ഷേപിച്ച 4 ലക്ഷം രൂപയിൽ നിന്ന് നിരാകരിച്ച 25,848/-രൂപ ഒഴികെയുള്ള 3,74,152/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറിനം.5 തീയതി, 5.10.18

നിരാകരിച്ച തുക. 25,848/- രൂപ

തടസപ്പെടുത്തിയ തുക.3,74,152/- രൂപ.

## 3-6 <u>സൗരവൈദ്യുത ഉല്പാദന സംവിധാനം നിരുപയോഗം-നിർവഹണ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല-കേന്ദ്ര ഇൻസെന്റീവ് ലഭ്യമായില്ല.</u>

പ്രോജക്റ്റ് നം.s0018/18

പ്രോജക്ടിന്റെ പേര്.പഞ്ചായത്ത് ഓഫീസിലേയ്ക്ക് സോളാർ ഇൻവെർട്ടർ

അടങ്കൽ തുക. 5,48,992/-രൂപ

ചെലവ്.5,45,000/-രൂപ

ബിൽ നം.37തീയതി, 26.03.18.

ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ വൈദ്യുതാവശ്യങ്ങൾ നിറവേറ്റുന്നതിനും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി KSEB യുടെ വിതരണ ശൃംഖലയിലേക്ക് കയറ്റുമതി ചെയ്യുന്നതിനും ലക്ഷ്യമാക്കി സൗരോർജ ഉല്പാദക സംവിധാനം സ്ഥാപിച്ചുവെങ്കിലും പ്രസ്തുത സംവിധാനം KSEB വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കാത്തതു മൂലം നിരുപയോഗമായി തുടരുന്നു. അക്ഷയ ഊർജോല്പാദക പ്രോജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധമായ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനോ ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കുന്ന ഇൻസെന്റീവ് നേടിയെടുക്കുന്നതിനോ ഉല്പാദിപ്പിച്ച വൈദ്യുതി KSEBയ്ക്ക് നൽകി വൈദ്യുതി വില ഈടാക്കുന്നതിനോ ബില്ലിൽ കുറവ് ചെയ്യുന്നതിനോ കഴിഞ്ഞിട്ടില്ല.ഉല്പാദനശേഷിയെ ആധാരമാക്കി കേന്ദ്ര നവീന നവീകരണീയ ഊർജമന്ത്രാലയം (MNRE) സൗരവൈദ്യുതനിലയത്തിന് നിശ്ചയിച്ച ബെഞ്ച് മാർക്ക് വിലയേക്കാൾ അധികം തുക ചെലവഴിച്ചാണ് ഉപകരണങ്ങൾ വാങ്ങിയത്.

ഗ്രാമ പഞ്ചായത്തിൽ 6 KWശേഷിയുള്ള സൗരവൈദ്യുത നിലയം സ്ഥാപിച്ച് ആയതിൽ നിന്ന് 4.8KW ശേഷിയുള്ള ഉപകരണസംവിധാനത്തെ KSEB യുടെ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജിൽ ഗണനീയ കുറവ് വരുത്തുന്നതിനും കൂടാതെ ശൃംഖല ബന്ധിതമല്ലാത്ത 1.2 KWശേഷിയുള്ള സൗരവൈദ്യുതനിലയത്തിൽ നിന്നുള്ള വൈദ്യുതി നേരിട്ട് ഉപയോഗിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയപഞ്ചായത്ത് ഓഫീസിലേയ്ക്ക് സോളാർ ഇൻവെർട്ടർ എന്ന പ്രോജക്ടിനായും 5,45,000/-രൂപ റെയ്ഡ്കോയിൽ ഒടുക്കി ഉപകരണസംവിധാനം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിർവഹണ മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിനോ പദ്ധതി

ഫലപ്രാപ്തിയിലെത്തിയ്ക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

പദ്ധതിയുടെ നിർവഹണം സംബന്ധമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1)അക്ഷയോർജ ഉപകരണങ്ങൾ അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് മത്സരാധിഷ്ഠിത ടെണ്ടറിലൂടെ വാങ്ങണമെന്ന് 03.04.2017ലെ സ.ഉ.(എം.എസ്.)നം.80/2017/തസ്വഭവ.ഉത്തരവിൽ വ്യക്തമാക്കുകയും അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുകയും ചെയ്തിരിക്കെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിയ്ക്കാതെ റെയ്ഡ്കോയിൽ നിന്ന് നേരിട്ട് ഉപകരണങ്ങൾ വാങ്ങി.

2)മേൽക്കൂര ഫ്ലാറ്റായ സ്ഥലത്ത് സ്ഥാപിക്കുന്ന 2 കിലോവാട്ട് മുതൽ 10 കിലോ വാട്ട് വരെയുള്ള സൗരമേൽക്കൂര വൈദ്യുതനിലയങ്ങൾക്ക് MNRE നിശ്ചയിച്ച ബെഞ്ച് മാർക്ക് വില കിലോ വാട്ടിന് 70,000 /- രൂപയാണെന്ന് 2.6.17 ലെ ഡി എ 1/244/2017 തസ്വഭവ സർക്കുലറിൽ വ്യക്തമാക്കിയിരിക്കെ 4.8 കിലോവാട്ട് ശേഷിയുള്ള ഉപകരണ സംവിധാനത്തിന് 3,53,400/- രൂപയാണ് ഈടാക്കിയതെന്ന് റെയ്ഡ്കോയുടെ 8.12.17 ലെ RK 5000 നമ്പർ കത്തിൽ നിന്ന് വ്യക്തമാവുന്നു.

3)സൗരവൈദ്യുതനിലയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തസ്വഭ സ്ഥാപനം ആയതിന്റെ പ്രൊപ്പോസൽ online ആയി സമർപ്പിക്കണമെന്നും ശൃംഖലാ ബന്ധിത സൗരനിലയത്തിന് പദ്ധതി നിർവഹണ പുരോഗതിക്കനുസരിച്ച് കിലോവാട്ടിന് 16,250 /- രൂപ വരെ ഇൻസെന്റീവ് ലഭിക്കുമെന്നും കേന്ദ്ര സർക്കാരിന്റെ 30.03.17 ലെ 03/88/2015-16 GCRT നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊപ്പോസൽ online ആയി സമർപ്പിക്കാതിരുന്നതു മൂലവും പ്രവർത്തന പുരോഗതി നേടാതിരുന്നതുമൂലവും 78,000/- രൂപയുടെ( 16,250 x 4.8 ) ഇൻസെന്റീവ് നഷ്ടമായി.

4)സോളാർ വൈദ്യുതോർജ സംവിധാന ഉടമയ്ക്ക് KSEBവൈദ്യുത വരവ് - ചെലവ് ചീട്ട് നൽകുമെന്നും സോളാർ ഐഡന്റിഫിക്കേഷൻ നമ്പർ (SPIN)നൽകുമെന്നും കേരള സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷന്റെ 10.06 .14 ലെ 2096/14 KSERC/14 നമ്പർ ഉത്തരവിലും KSEB യുടെ 9.9.16 ലെ സി.ഇ.(ആർ.ഇ.ഇ.എസ്) പ്രോജക്ട്സ് / എ.ഇ.ഇ.6/സോളാർ - ജനറൽ 16-17 ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

5)ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്കീം അപ്രൂവൽ, സ്ഥാപിക്കേണ്ട നിലയത്തിന്റെ പൂർണ സാങ്കേതിക ചിത്രങ്ങൾ, ഗ്രിഡ്ബന്ധിത ഇൻവെർട്ടർ, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഐസൊലേറ്റർ സ്വിച്ച്, സോളാർ മീറ്റർ, നെറ്റ് മീറ്റർ എന്നിവയുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ, എം സി ബി, എൽ സി ബി,ഇൻവെർട്ടർ തുടങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് NABL ൽ നിന്നോ ക്ഷമതയുള്ള ഇതര സ്ഥാപനങ്ങളിൽ നിന്നോ നൽകിയ ടൈപ്പ് ടെസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവ സഹിതമാണ് സൗരോർജ നിലയം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതെന്നും സോളാർ മീറ്റർ, നെറ്റ് മീറ്റർ എന്നിവ സ്ഥാപനം സ്വന്തം നിലയിലോ KSEB മുഖേനയോ സ്ഥാപിക്കണമെന്നും KSEB യുടെ 9.9.16 ലെ നം.സി.ഇ (ആർ.ഇ.ഇ എസ് ) / പ്രോജക്ട്സ്/എ.ജി ഇ 6/ സോളാർ - ജനറൽ/16-17/766 (1) സർക്കുലറിൽ വ്യക്തമാക്കിയിരിക്കെ അത്തരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

6)സോളാർ പാനൽ സ്ഥാപിക്കുന്ന മേൽക്കൂരയിൽ എത്തിച്ചേരുന്നതിന് സൗകര്യപ്രദമായ ലാഡർ സംവിധാനം ഉണ്ടായിരിക്കണമെന്നും പാനൽ കഴുകി വൃത്തിയാക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നും 2.6.17 ലെ ഡി എ 1/244/17/തസ്വഭവ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അത്തരം യാതൊരു സംവിധാനങ്ങളും ഒരുക്കിയിട്ടില്ലായെന്ന് സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു .

7)വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് പ്രോജക്ട് നിർദ്ദേശം വന്നിട്ടുണ്ടെങ്കിലും നിർവഹണ പുരോഗതി

മോണിറ്ററിംഗ് നടത്തിയിട്ടില്ല.വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയോ നിർവഹണ പുരോഗതി വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

മേൽ സൂചന അപാകതകളിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി 05.10.18ൽ ഓഡിറ്റ് എൻക്വയറി നം.6ന് 2017/18 ലെ സ്പിൽ ഓവർ പദ്ധതിയായിരുന്ന സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതിക്ക് മുൻവർഷങ്ങളിൽ പത്രപ്പരസ്യം നൽകി ടെണ്ടർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ 25.9.17 ലെ 4(1) നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ജി.ഒ (എം.എസ്) നം.1/16 എസ്.പി. ഡി.തീയതി, 8.12.16 എന്നിവയുടെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസിയായ RAIDCO വഴി നിർവഹണം നടത്തുകയാണുണ്ടായതെന്നും സബ്സിഡി ലഭ്യമാക്കുന്നതിനായി റെയ്ഡ്കോയ്ക്കും തുടർനടപടികൾക്കായി KSEB യ്ക്കും 6.10.18ൽ കത്ത് നൽകിയിട്ടുണ്ടെന്നും നെറ്റ് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

എം പാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുവാൻ തൻവർഷം നടപടി സ്വീകരിച്ചിട്ടില്ലായെന്നും,ഓഡിറ്റ് എൻക്വയറിയെത്തുടർന്നാണ് ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ ആരംഭിച്ചതെന്നും മറുപടിയിൽ നിന്നുതന്നെ വ്യക്തമാവുന്നു. നെറ്റ് മീറ്റർസ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഇല്ല. കെ.എസ്.ഇ.ബി. ശൃംഖലയുമായി സൗരോർജ ഉപകരണ സംവിധാനത്തെ ബന്ധിപ്പിക്കാത്തത് മൂലം 4.8KW ഉപകരണ സംവിധാനം നിഷ്പ്രയോജനമായി തുടരുന്നതിനാലും ഗ്രാമപഞ്ചായത്തിന് വൈദ്യുതി വിലയിനത്തിൽ ലഭ്യമാകേണ്ട തുക നഷ്ടമാവുന്നതിനാലും 4.8KW ഉപകരണ സംവിധാനത്തിനായി ചെലവഴിച്ച 3,53,400/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. കെ.എസ്.ഇ.ബി. ശൃംഖലയുമായി സൗരോർജ ഉപകരണ സംവിധാനത്തെ ബന്ധിപ്പിക്കുന്നതിനും ഉല്പാദിപ്പിച്ച വൈദ്യുതി KSEBയ്ക്ക് നൽകി വൈദ്യുതി വില ഈടാക്കുന്നതിനും സെൻട്രൽ ഫിനാൻസ് അസിസ്റ്റൻസ് ഇനത്തിൽ ലഭ്യമാകേണ്ട ഇൻസെന്റീവ് നേടുന്നതിനും നടപടി സ്വീകരിയ്ക്കാത്ത പക്ഷം നിർവഹണോദ്യോഗസ്ഥനെ നഷ്ടോത്തരവാദിയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്. പദ്ധതി പൂർത്തികരിയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണനിർവഹണാധി കാരികൾ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.6 തീയതി, 05.10.18.
തടസപ്പെടുത്തിയ തുക.3,53,400/- രൂപ

**3-7** <u>അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.</u>

പ്രോജക്ട് നം.s0014/17-18&s0017/17-18
പ്രോജക്ടിന്റെ പേര്.തെരുവുവിളക്കുകളുടെ പരിപാലനം തൊഴിൽകൂലി നൽകൽ &
തെരുവ് വിളക്കുകളുടെ പരിപാലനം- ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ തുക. 1,93,025/-രൂപ&3,67,966/-രൂപ
ചെലവ്.1,81,425/-രൂപ(തനതുഫണ്ട്)&1,86,311/- രൂപ
ബിൽ നം.3/18.07.17-24,503/- രൂപ
16/05.10.17-81,085/-രൂപ
38/26.03.18 -80,723/-രൂപ
നിർവഹണം.സെക്രട്ടറി
തെരുവുവിളക്കുകളുടെ പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിലും തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.

അടാട്ട് മാതൃകയിൽ തെരുവു വിളക്കുകൾ പരിപാലിക്കുന്നതിലേയ്ക്ക് സെക്രട്ടറി നിർവഹണം നടത്തിയ തെരുവുവിളക്കുകളുടെ പരിപാലനം തൊഴിൽകൂലി നൽകൽ എന്ന പ്രോജക്ട് പ്രകാരം തനതുഫണ്ട് ഇനത്തിൽ 1,81,425/- രൂപ ഇലക്ട്രീഷ്യനുള്ള വേതനമായി നൽകുകയും തെരുവ് വിളക്കുകളുടെ പരിപാലനം- ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 1,86,311/-രൂപ ചെലവഴിച്ച് തെരുവ് വിളക്കുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല.

വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കുന്നു.എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ വ്യക്തമാക്കി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതേതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം വീതം കണക്കാക്കിയാണ് പരിഷ്കരിച്ച താരിഫ് പ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് മാസത്തിലൊരിക്കൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ സഹിതം മേൽ സൂചന അപാകതകളിൻമേൽ വിശദീകരണം നൽകേണ്ടതാണെന്ന് വ്യക്തമാക്കി 15.10.18ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.25ന് മറുപടി നൽകിയിട്ടില്ല. തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിയ്ക്കുകയും ചെയ്യുക എന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലാനിർവഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ,പരിപാലനം,പരിഷ്കരിച്ച താരിഫ് പ്രകാരമുള്ള തുക ഒടുക്കൽ എന്നീ ഘടകങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിയ്ക്കുവാനും ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

**3-8** തെരുവുവിളക്കുകളായി ഓട്ടോമാറ്റിക് ലാമ്പുകൾ സ്ഥാപിക്കൽ - പ്രസക്തിയോ സാഹചര്യമോ വ്യക്തമല്ല**,**സ്ഥാപിച്ചതായി വ്യക്തമാക്കുന്ന **KSEB**യുടെ രേഖകളില്ല**.**

പ്രോജക്ട് നം.s0124/17-18

പ്രോജക്ടിന്റെ പേര്-തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ-17,00,000/-
ചെലവ്-16,94,636/-
ബിൽ നം/തീയതി-39/26.3.18
നിർവഹണം-സെക്രട്ടറി
സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി(പ്രോ.നം.124/17-18 ) വികസനഫണ്ടിൽ നിന്നും 26.03.18 ലെ ബിൽ നം.39പ്രകാരം പിൻവലിച്ച 16,94,636/-രൂപയിൽ 16,86,786/- ചെലവഴിച്ച് 36 വാട്ടിന്റെ ഓട്ടോമാറ്റിക് എൽ.ഇ.ഡി. ലാമ്പുകൾ യൂണിറ്റൊന്നിന് 3,908/-രൂപ നിരക്കിൽ 359 യൂണിറ്റും 45വാട്ടിന്റെ ഓട്ടോമാറ്റിക് എൽ.ഇ.ഡി. ലാമ്പുകൾ യൂണിറ്റൊന്നിന് 4,173/-രൂപ നിരക്കിൽ 68 യൂണിറ്റും KREWS എന്ന സ്ഥാപനത്തിൽ നിന്നും 177/-രൂപ നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെ നൽകി വാങ്ങിയിട്ടുണ്ട്. പ്രസ്തുത ലാമ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ സൂപ്പർവിഷൻ ചാർജിനത്തിൽ 7,900/-രൂപ കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഓട്ടോമാറ്റിക് ലാമ്പുകൾ വാങ്ങിയതിന്റെ പ്രസക്തിയോ അവ സ്ഥാപിക്കേണ്ടതിന്റെ സാഹചര്യമോ വ്യക്തമല്ല. കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സൂപ്പർവിഷൻ സംബന്ധമായ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓട്ടോമാറ്റിക് ലാമ്പുകൾ തെരുവുവിളക്കുകളായി സ്ഥാപിക്കുന്നത് സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിലാവണമെന്നും പ്രത്യേക കൺട്രോൾ ഫ്യൂസുകൾ ഉണ്ടാവണമെന്നും കെ.എസ്.ഇ.ബി.യുടെ 15.02.2001-ലെ ബി.ഒ.നം.378/2001 (plg.Com.4088/2000) നമ്പർ ബോർഡ് ഓർഡറിൽ വ്യക്തമാക്കിയിരിക്കെ അത്തരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. നിലവിലുള്ള സ്ട്രീറ്റ് മെയിനിന് പുറമേ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 3555മീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിലേക്ക് തൻവർഷം കെ.എസ്.ഇ.ബി.യിൽ 3,50,000/-രൂപ ഒടുക്കിയിരിയ്ക്കെ ഓട്ടോമാറ്റിക് ലാമ്പുകൾ സ്ഥാപിച്ചത് എവിടെയൊക്കെയെന്ന് വ്യക്തമല്ല. KSEBയുടെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്ഥാപനമോ പുതുതായോ/സ്ഥിരമായോ തെരുവുവിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് 15.09.2011ലെ 3055/ഡിഎ3/2018/തസ്വഭവ സർക്കുലറിലും പ്രസ്തുത സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കണമെന്ന് 29.05.18ലെ 269/ഡിഎ3/2018/തസ്വഭവ സർക്കുലറിലും വ്യക്തമാക്കിയിരിക്കെ കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സൂപ്പർവിഷൻ നടത്തിയതായി വ്യക്തമാക്കുന്ന രേഖകളില്ല. 36വാട്ടിന്റെ ഓട്ടോമാറ്റിക് എൽ.ഇ.ഡി. ലാമ്പുകൾ ഒരു വാർഡിൽ 21വീതം 17 വാർഡുകളിലായി 357യൂണിറ്റും 45വാട്ടിന്റെ ഓട്ടോമാറ്റിക് എൽ.ഇ.ഡി. ലാമ്പുകൾ ഒരു വാർഡിൽ 4വീതം 17 വാർഡുകളിലായി 68 യൂണിറ്റും സ്ഥാപിച്ചതായി വ്യക്തമാക്കുന്ന വാർഡ്അംഗങ്ങളുടെ സാക്ഷ്യപത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. വാർഡുകൾക്ക് തുല്യമായി വീതം വച്ചതിൽ നിന്നു തന്നെ സ്ട്രീറ്റ് മെയിൻ നിലവിലുണ്ടോ എന്നത് പരിഗണിയ്ക്കാതെയാണ് ഓട്ടോമാറ്റിക് ലാമ്പുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാവുന്നു.

36 വാട്ടിന്റെ ഓട്ടോമാറ്റിക് എൽ.ഇ.ഡി. ലാമ്പുകളിൽ 2യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. ഓട്ടോമാറ്റിക് സംവിധാനം പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല. ഓട്ടോമാറ്റിക് സംവിധാനമില്ലാത്ത 36വാട്ടിന്റെ എൽ.ഇ.ഡി. ലാമ്പുകൾക്ക് യൂണിറ്റൊന്നിന് 3839/-രൂപയും 45വാട്ടിന്റെ എൽ.ഇ.ഡി. ലാമ്പുകൾ യൂണിറ്റൊന്നിന് 4,104/-രൂപയുമാണ് വില നിശ്ചയിച്ചിരിയ്ക്കുന്നത്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽത്തന്നെ 29,463/-രൂപ ലാഭിയ്ക്കാമായിരുന്നു. മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം തേടി 09.10.18ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.21ന് മറുപടി നൽകിയിട്ടില്ല.

സ്ഥാപിച്ചിട്ടില്ലാത്ത 2യൂണിറ്റ് 36വാട്ട് ഓട്ടോമാറ്റിക് എൽ.ഇ.ഡി. ലാമ്പുകൾക്കായി ചെലവഴിച്ച 7,816/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രവർത്തനക്ഷമമായ ഓട്ടോമാറ്റിക് സംവിധാനത്തോടുകൂടിയ 427എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന സൂപ്പർവിഷൻ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്ന് ഹാജരാക്കേണ്ടതാണ്. പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കണമെന്നും പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിയ്ക്കണമെന്നുമുള്ള വാർഷികപദ്ധതി തയ്യാറാക്കൽ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിനും പൊതുപ്പണത്തിന്റെ കാര്യക്ഷമമായ വിനിയോഗം സാദ്ധ്യമാകുന്നവിധത്തിൽപദ്ധതി നിർവഹണനടപടികൾ സ്വീകരിയ്ക്കുന്നതിനും പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.21/9.10.18

നിരാകരണം-7,816/- രൂപ

**3-9** തെരുവുവിളക്കുകളുടെ പരിപാലനം- ഉപകരണങ്ങൾ വാങ്ങി നൽകൽ - കോപ്പർ ചോക്കുകൾക്ക് കരാർ തുകയേക്കാൾ അധികം വില നൽകി

പ്രോജക്ട് നം.-s0017/18

പ്രോജക്ടിന്റെ പേര്- തെരുവുവിളക്കുകളുടെ പരിപാലനം

അടങ്കൽ-3,67,966/-

ചെലവ്-1,86,311/-

ബിൽ നം.3/18.7.17-24,503/-

16/5.10.17-81,085/-

38/26.3.18-80,723/-

നിരാകരണം-2,100/-

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം.17/18 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിലുള്ള തുകയിൽ നിന്ന് 1,86,311/- രൂപ ചെലവഴിച്ച് കൊച്ചുമേലതിൽ ഇലക്ട്രിക്കൽസ് കുണ്ടറ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായുള്ള കരാർ പ്രകാരം കോപ്പർ ചോക്കുകൾക്ക് 122 രൂപയാണ് വിലയായി നിശ്ചയിച്ചിരിക്കുന്നത് . എന്നാൽ 18.7.17-ലെ ബിൽ നം. 3 പ്രകാരം പിൻവലിച്ച 24,503/-രൂപ ചെലവഴിച്ച് പ്രസ്തുത തീയതിയിലെ ഇൻവോയ്സ് നം 38 പ്രകാരം വാങ്ങിയ ഇലക്ട്രിക്കൽഉപകരണങ്ങളിൽ ഉൾപ്പെടുന്ന 25 കോപ്പർ ചോക്കുകൾക്ക് ഒന്നിന് 206.10 രൂപ വില കണക്കാക്കി തുക നൽകിയിട്ടുണ്ട്. ഇതര ബില്ലുകൾപ്രകാരമുള്ള വാങ്ങലുകൾക്കെല്ലാം കോപ്പർ ചോക്കുകൾക്ക് 122 രൂപയാണ് വിലയായി നൽകിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത ഇനത്തിന് അധികമായിനൽകിയ 2,100/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**3-10** ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 33,900/-രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം.പേര് | ടെണ്ടർ ഫാറം വില (രൂപ) |
|---|---|---|
| 1. | മലർവാടി മുണ്ടക്കോട്ട് ഡ്രൈനേജ് നിർമ്മാണം | 5,700 |
| 2. | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | 1,500 |
| 3. | വിവിധ സ്കൂൾ മെയിന്റനൻസ് | 2,200 |
| 4. | മാത്രൂർ-അലക്കുഴി ഡ്രൈനേജ് നിർമ്മാണം | 5,400 |
| 5. | വയലിൽ കളീക്കൽ അയണിക്കൽ ഡ്രൈനേജ് | 3,900 |
| 6. | തെക്കേ ഇല്ലത്ത് തഴത്തോട് റോഡ് റീടാറിംഗ് | 1,800 |
| 7. | ഗുരുമന്ദിരം രെഞ്ചു ഭവനം റോഡ് ടാറിംഗ് | 1,800 |
| 8. | തിരുവോണാട്ടു ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ റോഡ് ടാറിംഗ് | 1,800 |
| 9. | കോട്ടക്കുഴി -പുത്തൻതറ ജംഗ്ഷൻ റോഡ് ടാറിംഗ് &കോൺക്രീറ്റിംഗ് | 3,600 |
| 10. | ഇടത്തിട്ട എൻ.എസ്.എസ് കരയോഗം-റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 1,100 |
| 11. | നെല്ലിത്തറ ജം.തയ്യിൽ ജം.റോഡ് റീടാറിംഗ് | 1,100 |
| 12. | അമ്പനാട്ട് ജം.തോപ്പിൽ ജം.റോഡ് ടാറിംഗ് | 1,200 |
| 13. | കളീക്കൽ റെയിൽവേ ലൈൻ റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 1,300 |
| 14. | തന്നവേലിൽ മറ്റത്ത് ജം.റോഡ് ടാറിംഗ് | 1,500 |
| | ആകെ | 33,900/- |

## 3-11 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ -പൂർത്തീകരണ വിവരങ്ങൾ ഇല്ല.

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി ചുവടെ ചേർക്കും പ്രകാരം തുക വിവിധ ഏജൻസികളിൽ നിക്ഷേപിച്ചുവെങ്കിലും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ഇല്ല

| ക്ര. നം | പ്രോജക്ട് നം.പേര്. | ചെലവഴിച്ച തുക/ഫണ്ടിനം | ബിൽ നം/തിയതി | കുറിപ്പുകൾ |
|---|---|---|---|---|
| 1. | 139/18&64/18 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1,50,000/- (വികസന ഫണ്ട്) 2 ലക്ഷം (വികസന ഫണ്ട്) | 19/28.11.17 21/28.11.17 | ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 3555മീറ്റർസ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിലേക്ക് കെ.എസ്.ഇ.ബി. നൽകിയഎസ്റ്റിമേറ്റിനെ ആധാരമാക്കി ഒടുക്കിയ തുക . |
| 2. | അങ്കണവാടി നം. 71 കെട്ടിട നിർമാണം | 1 ലക്ഷം (വികസന ഫണ്ട്) 2 ലക്ഷം (ജില്ലാ പഞ്ചായത്ത് വിഹിതം) | 41/26.3.18 അക്കൗണ്ട് ട്രാൻസ്ഫർ | എം ജി .എൻ .ആർ .ഇ. ജി.എയുടെ സ്റ്റേറ്റ്മിഷനിൽ ഒടുക്കിയ തുക. |
| | ആകെ | 6,50,000 | | |

മേൽ സൂചന പ്രോജക്ടുകളുടെ നിർവഹണ പുരോഗതിയും പൂർത്തീകരണ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകിയിട്ടില്ല .ആയതിനാൽ പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച6,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നം.19&20 തീയതി, 11.10.18

## 3-12 <u>ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ മരുന്നിന് തുക ചെലവഴിച്ചു</u>

പ്രോജക്ട് നം എസ്.ഒ.102/2018

പ്രോജക്ട് - ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ

അടങ്കൽ 1,59,700/-മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് ബിൽ നമ്പർ 1/2017-18 തീയതി.7.1.2018

നിർവ്വഹണം. മെഡിക്കൽ ഓഫീസർ (ഹോമിയോ)

(സ.ഉ.(എം.എസ്) നമ്പർ.80/2017/തസ്വഭവ,തീയതി. 03.04.2017) ഖണ്ഡിക.12.4 പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പു മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ HOMCO യിൽ നിന്നും മരുന്നു വാങ്ങിയതിന് 1,59,700/-രൂപ ചെലവഴിച്ചിരിക്കുന്നു. മരുന്നുകൾ ലഭ്യമായിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ആഡിറ്റ് എൻക്വയറി നമ്പർ 3 തീയതി, 05.10.2018 ന്

മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കുക.

**3-13** <u>സാന്ത്വനപരിപാലന പദ്ധതി-മരുന്നു ലഭ്യമായിട്ടില്ല</u>

പ്രോജക്ട് - സാന്ത്വനപരിപാലനം

പ്രോജക്ട് നമ്പർ എസ്.0051/2018

അടങ്കൽ -7,00,000/-രൂപ

ബിൽ നമ്പർ 2/2017-18 തീയതി, 18.11.2017

ബിൽ തുക 3,29,992/-രൂപ

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തു നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി 1,00,000/-രൂപ ഡെപ്യൂട്ടി മാനേജർ (സി.പി.എസ്.സെയിൽസ്)- ന്റെ അക്കൗണ്ട് നമ്പർ 3624001800000019 ലേയ്ക്ക് തുക നൽകി. 23.06.2018, 20.08.2018 തീയതികളിലായി ആകെ 20,628/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. (ഇൻവോയ്സ് നമ്പർ. 523/23.06.2018– 829/-, 3578/23.06.2018-8,155/-, 6985/20.08.2018-11,644/-) ബാക്കി 79,372/-തുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-14** <u>ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ–കണ്ടെത്തിയ അപാകതകൾ</u>

(1) പ്രോജക്ട്-ഓഫീസ് ഫർണ്ണിച്ചർ വാങ്ങൽ.

(എസ്.0116/2018)

അടങ്കൽ 2,00,000- (മെയിന്റനൻസ് ഫണ്ട് (റോഡിതരം)

നിർവ്വഹണം ഹെഡ്മിസ്ട്രസ്
ചെലവ്-1,84,084/-
ബിൽ നമ്പർ /തുക 1/2017-2018 തീയതി 27.02.2018
പഞ്ചായത്ത് പരിധിയിലുള്ള നാലു സ്കൂളുകളിലേയ്ക്കായി 20 മേശ (Steel table with one cupboard and one drawer 18mm laminated board top 120*60*75 cm ) ,21 കസേര (steel full arm chair with plastic rattend in teakwood seat and back frameseat 45*42cm back 45*37cm) സിഡ്കോയിൽ നിന്നും (Rt.no33/2017/spd dt.17.06.2017 ) ഉത്തരവിൽ അനുശാസിക്കുന്ന വിലയിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

II) പ്രോജക്റ്റ്. ഗവ.എൽ.പി സ്കൂൾ.ബെഞ്ച്, ഡസ്ക്

(എസ്.0.117/2018)

അടങ്കൽ 1,00,000/- (മെയിന്റനൻസ് ഫണ്ട് (റോഡിതരം)

4,500/- (തനത്)

നിർവ്വഹണം ഹെഡ്മിസ്ട്രസ്
ചെലവ്-96,325/-രൂപ

ബിൽ നമ്പർ - 2/2017-18 തീയതി.27.02.2018, 96,325/-

ഗവ.എൽ.പി സ്കൂളിലെ പ്രീ.പ്രൈമറി വിദ്യാർത്ഥികൾക്കായി AW slopDesk (150*35*70/75cm)with shelf 8 എണ്ണം, AW Bench (150*30*75cm)withBack Rest 9എണ്ണം വാങ്ങിയിട്ടുണ്ട് ആയത് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

III) പ്രോജക്റ്റ്. ഗവ.എൽ.പി സ്കൂളിൽ ചിൽറൻസ് പാർക്ക്

(എസ്.0032/2018)

അടങ്കൽ വികസന ഫണ്ട്.(പൊതുവിഭാഗം) 5,26,870/-

തനത്ഫണ്ട്- 2,73,130/-

ആകെ 8,00,000/-
ചെലവ്-5,26,870/-
ബിൽ നമ്പർ, തീയതി- 3/2017-18 തീയതി 07.03.2018
i)പ്രസ്തുത പ്രോജക്റ്റ് ക്വട്ടേഷൻ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്റ്റിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കാനാണ് അംഗീകാരം വാങ്ങിയിട്ടുള്ളത് ഇടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണം. 2016-17 ൽ ടെണ്ടറിൽ പങ്കെടുക്കാൻ ആളില്ലാത്തതിനാൽ സ്പിൽ ഓവർ പദ്ധതിയായി എന്നു സ്പിൽ ഓവർ പ്രോജക്റ്റിൽ പരാമർശിച്ചിരിക്കുന്നു.

ii)3 ക്വട്ടേഷൻ ലഭിച്ചതിൽ തെരഞ്ഞെടുക്കപ്പെട്ട ദേവി എഞ്ചിനീയറിംഗ് വർക്സിന്റേതായി ഫയലിൽ കാണപ്പെടുന്ന കരാർ (18.12.2017തീയതി) നിയമസാധുത ഉള്ള ഒന്നല്ല.
iii) 2016-17 കാലയളവിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച തീരുമാനങ്ങളിൽ ഇങ്ങനെ ഒരു പ്രോജക്റ്റ് ഇല്ല.അതുകൊണ്ട് തന്നെ പ്രോജക്റ്റ് 2016-17 ൽ ഭരണസമിതിക്ക് അംഗീകരിക്കാനും കഴിയില്ല.

iv)20.05.2017 ലെ വികസന സെമിനാറിൽ വിദ്യാഭ്യാസ-കല-സംസ്കാരം-യുവജനക്ഷമം വർക്കിംഗ് ഗ്രൂപ്പ് നൽകിയ നിർദ്ദേശങ്ങളിൽ കുട്ടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതായിട്ടുള്ള സ്കൂളുകൾക്ക് അടുക്കള, സ്കൂളുകളിലെ മാലിന്യസംസ്കരണം, ശിശുസൗഹൃദ ഇരിപ്പിടം എന്നിവ നടപ്പിലാക്കാതെ ഇത്തരമൊരു പദ്ധതി നടപ്പിലാക്കിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.
IV) പ്രോജക്റ്റ്- സ്മാർട്ട് ക്ലാസ് റൂമിന് ഐ.ടി ഉപകരണങ്ങൾ, അനുബന്ധ ഫർണ്ണിച്ചർ വാങ്ങൽ,

(എസ്. 0129/2018)
അടങ്കൽ ഐ.ടി ഉപകരണം 3,00,000/-രൂപ

അനുബന്ധ ഫർണ്ണിച്ചർ 3,50,000/-രൂപ

ആകെ 6,50,000/-രൂപ

ബിൽ നമ്പർ തീയതി/തുക 4/2018 തീയതി 31.03.2018, 2,73,720/-രൂപ

ഭരണാനുമതി 1(1) 12.04.2017

പഞ്ചായത്ത് പരിധിയിലുള്ള നാലു സ്കൂളുകളിലേയ്ക്കായി സ.ഉ (സാധാ) നം 97/2018/പൊ.വി.വ തീയതി 06.01.2018 പ്രകാരം പൊതു വിദ്യാഭ്യാസ എച്ച്.എസ്.എസ് വി.എച്ച്.സി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.5- സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ, എം.പി. എം.എൽ.എ, തസ്വഭവ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും, ഒറ്റപ്പെട്ട വാങ്ങലുകൾക്കും,ആയതു വിന്യസിക്കുന്നതിനും ഉള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശം ക്രമനമ്പർ (3)-ൽ സ്കൂളുകളിലേയ്ക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും നൽകുന്ന എല്ലാ ഐ.സി.ടി ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി ഉറപ്പാക്കണം എന്നും അനുബന്ധമായി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല, എന്നിരിക്കെ 26.03.2018 ലെ TVM/ITP/PI/0177/17-18 ഇൻവോയിസ് പ്രകാരം പ്രൊജക്ടർ ഇൻസ്റ്റലേഷൻ ചാർജസ് ഇനത്തിൽ5355.92 രൂപ നൽകിയിരിക്കുന്നു.വാറണ്ടി സംബന്ധമായ രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടർ ഇൻസ്റ്റലേഷൻ ചാർജസ് ഇനത്തിൽ ചെലവഴിച്ച 5,355.92 രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.
നിരാകരിച്ച തുക-5,356/-
ഓഡിറ്റ് എൻക്വയറി നം.4/2017-18, തീയതി-05.10.2018

## 3-15 അനുപൂരക പോഷകാഹാര പരിപാടി-കേന്ദ്രവിഹിതമിനത്തിൽ 26,41,452/- അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 27അങ്കണവാടികളികളിൽ 25 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. അവശേഷിക്കുന്ന 2 അങ്കണവാടികളിൽ ഒരെണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടകരഹിത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അംഗൻവാടി നമ്പർ 60,110,118 എന്നിവയ്ക്ക് വൈദ്യതീകരണം നടത്തിയിട്ടില്ല. അംഗൻവാടികളിൽ ഒന്നിനും ശിശുസൗഹൃദ ടോയ്ലറ്റ് സൗകര്യം ഇല്ല. കുടിവെള്ള കണക്ഷൻ ഇല്ലാത്ത 6 സെന്ററുകൾ ഉണ്ട്. ചുറ്റുമതിൽ ഇല്ലാത്ത അംഗൻവാടികളും ഉണ്ട്. 1989 ൽ നിർമ്മിച്ച 2-ാം വാർഡിലുള്ള 53-ാം നമ്പർ അംഗൻവാടി, കുറ്റിയിൽമുക്ക് സ്ഥിതി ചെയ്യുന്ന 71 -ാം നമ്പർ അംഗൻവാടി എന്നിവ ഓട് പാകിയ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ആയത് പുതുക്കി പണിയുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. 58 -ാം നമ്പർ അംഗനവാടി നാലുചുറ്റും വെള്ളത്താൽ ചുറ്റപ്പെട്ട അവസ്ഥയിലാണ്. 62-ാം നമ്പർ അംഗൻവാടിയിൽ ടോയ്‌ലെറ്റ് സൗകര്യമില്ലാത്തതിനാൽ അടുത്തുള്ള ആയൂർവേദ ഹോസ്പിറ്റലിലെ ടോയ്‌ലെറ്റ് ഉപയോഗിക്കുന്ന അവസ്ഥയാണ്.

2017-18 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമിനത്തിൽ, 26,41,452/രൂപ തനതു ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. 3.9.10 ലെ സർക്കുലർ നം. 39033/ഡി.വി.2/10/ ത.സ്വ.ഭ.വ പ്രകാരം കേന്ദ്രവിഹിതമിനത്തിൽ അവശേഷിക്കുന്ന തുക വിനിയോഗിച്ച് സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനും കളിക്കോപ്പുകൾ , സംഭരണികൾ, പാചകപാത്രങ്ങൾ എന്നിവ വാങ്ങുന്നതിനും ചെലവഴിക്കാമെന്നും വ്യക്തമാക്കുന്നു.

ആയതിനാൽ ടി തുക വിനിയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

അസി.എഞ്ചിനീയറുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിലുള്ള അപകടാവസ്ഥയിൽ ഉൾപ്പെടെയുള്ള അംഗനവാടികൾ പ്രവർത്തിക്കുന്നുവെന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയമാണ്.

<u>അങ്കണവാടികളുടെ പരിപാലനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിക്ഷിപ്ത ചുമതലകൾ നടന്നില്ല.</u>

ഗ്രാമ പഞ്ചായത്തിൽ 27 അങ്കണവാടികളാണുള്ളത്, ഇതിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഒരെണ്ണം മറ്റുള്ളവയെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

1) അപകടാവസ്ഥയിൽ നിലകൊള്ളുന്ന അങ്കണവാടികൾ 04 എണ്ണമാണ്.

2)27 അങ്കണവാടികളും AE യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് 17/18 ൽ പ്രവർത്തിച്ചിട്ടുള്ളത്.

3)ചുറ്റുമതിൽ ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികൾ 09 എണ്ണമാണ് .

4)പൈപ്പ് ലൈൻ കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ 19 എണ്ണം.13 അങ്കണവാടികളിൽ കിണർ ഉണ്ടങ്കിലും മോട്ടോറും, സംഭരണ ടാങ്കുകളും ഇല്ല.

5) 27 അങ്കണവാടികളിലും ശിശുസൗഹൃദ ടോയ്ലെറ്റുകൾ ഇല്ല.

6)അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ ഏപ്രിൽ/മേയ് മാസങ്ങളിൽ പൂർത്തീകരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

7)05 അങ്കണവാടികളിൽ വൈദ്യുതി ഇല്ല, വൈദ്യതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

8)വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടിയ്ക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല.

9)അങ്കണവാടികളിൽ ഒന്നിലും തന്നെ ശിശു സൗഹാർദ്ദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

മേൽ അപാകതകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ ICDS സൂപ്പർവൈസർ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ അവതരിപ്പിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. അങ്കണവാടികളുടെ സുരക്ഷയും, വെള്ളവും, വൈദ്യുതിയും, ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സാധ്യമായ നടപടികൾ കൈക്കൊള്ളുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചുമതലാ നിർവ്വഹണം നടത്തിയിട്ടില്ല. ഈ പരാമർശം പഞ്ചായത്ത് കമ്മറ്റിയിൽ പ്രത്യേകം പരിഗണിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

**3-16** <u>**വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം ,ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗപത്രം ഇല്ല.**</u>

പ്രോജക്ട് നം: 77/18(പൊതു വിഭാഗം)

പ്രോജക്ടിന്റെ പേര്:വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം ,

ജില്ലാ പഞ്ചായത്ത് വിഹിതം

അടങ്കൽ : 2,00,000/-രൂപ

ചെലവ് : 2,00,000/- രൂപ( ബിൽ നം: 05/17-18; 24-8-17)

നിർവ്വഹണ ഉദ്യോഗസ്ഥർ: ICDS സൂപ്പർവൈസർ.

ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടറിന് ഗ്രാമപഞ്ചായത്ത് വിഹിതമായ രണ്ട് ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ട് നം: 36195058927 ലേക്ക് 24-08-2017-ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി വിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

**3-17** <u>പുറമ്പോക്ക് കൈയ്യേറ്റം നടപടികൾ സ്വീകരിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

(1) 15.12.2017- ലെ 16(1) തീരുമാനത്തിൽ ഓച്ചിറ വില്ലേജ് ബ്ലോക്ക് നം. 3ൽ റീസർവ്വെ നം. 55/1-ഉൾപ്പെട്ട സർക്കാർ വഴിയുടെ ഭാഗമായ 36.09 ച.മീ. സ്ഥലം പായിക്കുഴി മുറിയിൽ ചിറയ്യൽ വീട്ടിൽ ഗോപാലകൃഷ്ണപിള്ള എന്നയാൾ അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ളതായി ഡെ.തഹസീൽദാരുടെ 10.07.2017 ലെ ഡി.1-12178/2008 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ 1996 ലെ കെ.പി. ആർ ആക്ട് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടപ്രകാരം സ.ഉ.191/2016/ആർ.ഡി.തീയതി 1.03.15 എസ്.ആർ.ഒ നമ്പർ 204/2015 പ്രകാരം അനധികൃത കൈയ്യേറ്റം നിയമനടപടിക്രമങ്ങൾ പാലിച്ച് ഒഴിപ്പിക്കുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

(2) 1.3.2018 അജണ്ട 10 പ്രകാരം വാർഡ് 6 ബ്ലോക്ക് നമ്പർ4 റീസർവേ നം 143/2013 പെട്ട 7.65 ആർ ഭൂമി റോഡ് പുറമ്പോക്ക് ,

(3) 4.11.17 അജണ്ട 17(1) പ്രകാരം വാർഡ് 6 സർവേ നമ്പർ116/1 ൽപെട്ട തോട് പുറമ്പോക്ക്,

(4) 4.11.17 അജണ്ട14 പ്രകാരം 9-ാം വാർഡ് കൊറ്റംപ്പള്ളി എൽ.പി.എസിന് പടിഞ്ഞാറു വശത്തുള്ള പുറമ്പോക്ക് എന്നിവ അതിർത്തി നിർണ്ണയിച്ച നൽകുന്നതിന് താലൂക്ക് സർവേയറോട് അഭ്യർത്ഥിച്ച തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ 2-ാം വാർഡിലെ മുല്ലശ്ശേരി ഓച്ചിറ മാർക്കറ്റ് റോഡിന്റെ വീതി അസറ്റ് രജിസ്റ്റർ പ്രകാരം 7.30 മീറ്റർ ആണ്. പ്രാദേശിക പരിശോധനയിൽ ടി റോഡിന്റെ നിലവിലെ വീതി ചില സ്ഥലങ്ങളിൽ 2.5 മീറ്റർ ആണ്. റോഡിന്റെ ഇരു സൈഡിലും അനധികൃത കൈയ്യേറ്റങ്ങൾ നടന്നിട്ടുണ്ട് എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

4-ാം വാർഡിൽ രാമച്ചിനേത്ത് കാർത്തികപള്ളി റോഡ് ആസ്തി രജിസ്റ്റർ പ്രകാരം 6 മീറ്ററും 13-ാം വാർഡിൽ എൻ.എച്ച് 47 ജംഗ്ഷൻ ജയന്തി കോളനി റോഡ് 5 മീറ്ററും, 17-18 ൽ എം.ജി എൻ ആർ.ഇ.ജി എസ് നിർമ്മിച്ച 3-ാം വാർഡിൽ തറാൽ തെക്കതിൽ നടപ്പാത 4.50 മീറ്ററുമാണ് ആസ്തി രജിസ്റ്റർ പ്രകാരം വീതി എന്നാൽ മേൽ പ്രസ്താവിച്ച റോഡുകൾ ഒന്നും തന്നെ ആസ്തി രജിസ്റ്ററിലെ വീതിയുള്ളവയല്ല എന്ന പരിശോധനയിൽ കണ്ടെത്തി.

ടി വിഷയവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/10/10/2018) ലഭ്യമാക്കിയ 11.10.2018 തീയതിയിലെ മറുപടിയിൽ ,പുറമ്പോക്ക് കൈയ്യേറ്റങ്ങൾ ഒന്നും നടന്നിട്ടില്ല എന്നാണ് അറിയിച്ചത്.

ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭ്യമായ ഇത്തരം ഭൂമിയുടെ കൃത്യമായ വിവരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂമിയുടെ രേഖകളുടെ കൃത്യത ബോധ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം ,നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## **3-18** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായവിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തിരജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളുംകൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തികവർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ (58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ നിർവ്വഹിക്കപ്പെടുന്ന വർക്കുകൾ എല്ലാം തന്നെ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടവയാണോ എന്നു മനസിലാക്കാൻകഴിയാത്ത അവസ്ഥയാണ്. പുറമ്പോക്കു രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിലെ ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പല റോഡുകളും ആസ്തി രജിസ്റ്ററിൽ ചേർത്തുവെങ്കിലും തീരുമാനമെടുത്തതിൽ ചില റോഡുകൾ ഇനിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നു കാണുന്നു.

ഉദാഹരണം:-

(1)കൊട്ടോളിമുക്കിൽ നിന്നും തെക്ക് ഭാഗത്തുകൂള്ള റോഡ് (വാർഡ്.3)

(2)കുറ്റിയിൽ മുക്ക്-കുടയാണിക്കൽ നടപ്പാത റോഡ് (വാർഡ്3)

(3)പായിക്കുഴി കണ്ടീരത്ത് ജംഗ്ഷൻ മുതൽ കൊട്ടാരത്തിൽ ജംഗ്ഷൻ വരെയുള്ള നടപ്പാത

(4)സോപാനം മുക്ക്-മണിവേലിൽ മുക്ക്റോഡ്

മേൽ റോഡുകൾ ഉൾപ്പെടെ പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ റോഡുകളും ആസ്തിയിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | പാലിയേറ്റീവ്കെയർ | 1,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,15,800 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,15,800 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | അംഗൻവാടി നം.71 കെട്ടിട നിർമ്മാണം | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85,000 | നെൽകൃഷിവികസനം | 85,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | പാലിന് സബ്സിഡി | 99,997 | 3 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | അനുപൂരക പോഷകാഹാര പരിപാടി | 92,257 | 1,07,743 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | അനുപൂരക പോഷകാഹാര പരിപാടി | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 15,800 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 15,800 | 0 |

### 4-2 . ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 19/17-18/ തീയതി 28.11.17 | 1,50,000 | | 1,50,000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21/17-18 തീയതി, 28.11.17 | 2,00,000 | | 2,00,000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 18/17-18 തീയതി, 24.10.17 | 4,00,000 | | 4,00,000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്ററ് മാറ്റി സ്ഥാപിക്കൽ | 2170065, തീയതി, 4/5/17 | 18,848 | | 18,848 |
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ടാപ്പ് മാറ്റി സ്ഥാപിക്കൽ | 21700263, തീയതി, 26/7/17 | 9,163 | | 9,163 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്ററ് മാറ്റി സ്ഥാപിക്കൽ | 21700315, തീയതി, 22/8/17 | 28,244 | | 28,244 |

**4-3.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 545/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015/16 | 3-1 | 365 | തോമസ് റ്റി എബ്രഹാം, ഓഫീസ് അറ്റൻഡൻറ് | 117010102844, 27/07/17 |
| 2015/16 | 3.6 | 180 | ഡോ.രമ, വെറ്റിനറി സർജൻ | 117010103730, 13/09/17 |

**4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ്പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3-12-1 | എഫ്.റ്റി.എസ്സ് സൂപ്പർ ആന്വേഷന | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ശേഷം സർവ്വീസിൽ തുടർന്നു | |

**4-8** <u>ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം</u>

ഇല്ല

**4-9** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,49,80,535/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,00,66,173/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,357/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 45,350/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 20,73,916/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 2,357 | - | എൻ. മനുഭായി (സെക്രട്ടറി) -1258/-രൂപ ജോൺസൺ പീറ്റർ കാർഡോസ് (സെക്രട്ടറി) -1099/രൂപ- |
| 3-2 | | 4,230 | എൻ. മനുഭായി (സെക്രട്ടറി) |
| 3-5 | | 25,848 | എൻ. മനുഭായി (സെക്രട്ടറി) |
| 3-8 | | 7,816 | ജോൺസൺ പീറ്റർ കാർഡോസ് (സെക്രട്ടറി) |
| 3-9 | | 2,100 | എൻ.മനുഭായി (സെക്രട്ടറി) |
| 3-14(4) | | 5,356 | അപ്രസ് ജഹാൻ (ഹെഡ് മിസ്ട്രസ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 56,255 | എൻ. മനുഭായി(സെക്രട്ടറി) |
| 3-5 | 3,74,152 | എൻ. മനുഭായി(സെക്രട്ടറി) |
| 3-6 | 3,53,400 | ജോൺസൺ പീറ്റർ കാർഡോസ് |

| | | |
|---|---|---|
| | | (സെക്രട്ടറി) |
| 3-11 | (1)3,50,000 | എൻ. മനഭായി(സെക്രട്ടറി) |
| | (2)3,00,000 | ജോൺസൺ പീറ്റർ കാർഡോസ് (സെക്രട്ടറി) |
| 3-12 | 1,59,700 | ഡോ.സുനിൽകുമാർ.എൻ മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-14 (1) (2) | 1,84,084<br>96,325 | അപ്രസ്ജഹാൻ, ഹെഡ്മാസ്റ്റർ |
| 3-16 | 2,00,000 | ശ്രീമതി.വാസന്തി.ഇ (ICDS സൂപ്പർവൈസർ) |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.മനുഭായി (സെക്രട്ടറി) | ഡെപ്യൂട്ടിഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം | കിഴക്കേവീട്ടിൽ, കരുനാഗപ്പള്ളി.പി.ഒ കൊല്ലം |
| ജോൺസൺ പീറ്റർ കാർഡോസ് (സെക്രട്ടറി) | സെക്രട്ടറി പേരയം ഗ്രാമപഞ്ചായത്ത് | കാർഡോസ് വില്ല ചവറ.പി.ഒ |
| അപ്രസ്ജഹാൻ, ഹെഡ്മിസ്ട്രസ് | ഗവ.എൽ.പി.എസ് വലിയകുളങ്ങര | കുഞ്ഞനാടിയിൽ മേമന, ഓച്ചിറ.പി.ഒ |
| ഡോ.സുനിൽകുമാർ.എൻ മെഡിക്കൽ ഓഫീസർ (ഹോമിയോ) | - | ലതാഭവൻ മേമന, ഓച്ചിറ.പി.ഒ |
| ശ്രീമതി.വാസന്തി.ഇ (ICDS സൂപ്പർവൈസർ | - | കൃപ പുത്തൻസങ്കേതം, കോയിവിള.പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 7 |
| 1996-97 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2001-2002 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2002-2003 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 2 |
| 2003-2004 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2004-05 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 4 |

| | | |
|---|---|---|
| 2005-2006 2006-2007 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2007-2008 | എൽ.എഫ്.ക്യൂ. പി2 -1234/ (15 )/16.6.14 | 5 |
| 2008-2009 | എൽ.എഫ്.ക്യൂ. പി2 -1234/ (16 )/14/16.6.14 | 8 |
| 2009-2010 | എൽ.എഫ്.ക്യൂ. പി2 -1234/ (17 )/14/16.6.14 | 7 |
| 2010-2011 2011-2012 | എൽ.എഫ്.ക്യൂ. പി2 -346/13 തീയതി. 04.04.13 | 4 |
| 2012-2013 | എൽ.എഫ്.ക്യൂ. പി2 -878/14 തീയതി. 16.02.15 | ലഭ്യമല്ല |
| 2013-2014 2014-2015 | കെ.എസ്.എ.കെ.എൽ.എം-പി2/2241 /15/26.12.2015 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി2/1840 /16;05.01.2017 | 10 |
| 2016-17 | കെ.എസ്.എ.കെഎൽ.എം-പി8/1976 /17;25.4.2018 | 11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം **2017-18**

നം.കെ.എസ്.എ-കെ.എൽ.എം. പി.8-1894/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി:14.3.2019

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

### അനുബന്ധപത്രികകൾ

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.